കാട്ടുതീ മൂലമുള്ള നഷ്ടം

109 [1243] ശ്രീ. വി. ജെ. പൗലോസ്:
" ടി. എൻ. പ്രതാപൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" ടി. യു. രാധാകൃഷ്ണൻ:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കാട്ടുതീമൂലം വന്യമൃഗങ്ങൾക്ക് നാശമുണ്ടായിട്ടുണ്ടോയെന്നും എത്ര തുകയ്ക്കുള്ള തടി കത്തി നശിച്ചിട്ടുണ്ടെന്നും എന്തെല്ലാം പരിസ്ഥിതി പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മൺസൂൺ കാലത്ത് ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രശ്നങ്ങൾ ഉടലെടുക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടുതീമൂലം വന്യമൃഗങ്ങൾക്ക് നാശമുണ്ടായിട്ടില്ല. തടികൾ ഒന്നും കത്തി നശിച്ചിട്ടില്ല. അടിക്കാടുകൾ മാത്രമേ കത്തി നശിച്ചിട്ടുള്ളൂ. ആയതിനാൽ പരിസ്ഥിതി പ്രശ്നങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. കാരണം ഈ പ്രദേശങ്ങളിൽ മഴക്കാലത്ത് വീണ്ടും പുല്ലു മുളച്ച് പൂർവ്വസ്ഥിതി രൂപപ്പെടും.

(ബി) കത്തിപ്പോയ അടിക്കാടുകൾ മൺസൂൺ കാലത്ത് മുളച്ചു വരുന്നതിനാൽ മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കാൻ സാധ്യതയില്ല.

ചന്ദനമോഷണ കേസുകളും ചന്ദനക്കട്ടികളുടെ ഇറക്കുമതിയും

110 [1244] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ചന്ദനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കേരളത്തിലിപ്പോൾ അംഗീകാരമുള്ള എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) എത്ര ലിറ്റർ ചന്ദനതൈലം പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലിപ്പോൾ അനധികൃതമായി ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നതായി സർക്കാർ ഏജൻസികൾ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ എത്രയെണ്ണമുണ്ടെന്നും കുറ്റക്കാരുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly